**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും പുനരധിവാസവും വകുപ്പ്- ആർ.എസ്.ബി.വൈ./ചിസ് അംഗത്വ രജിസ്ട്രേഷൻ സ്മാർട്ട് കാർഡ് പുതുക്കലും അക്ഷയ കേന്ദ്രങ്ങളെ സംസ്ഥാനത്തൊട്ടാകെ സേവന കേന്ദ്രങ്ങളായി ഏകീകൃത മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

തൊഴിലും പുനരധിവാസവും (ജെ) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ. 70/2012/തൊഴിൽ. തീയതി, തിരുവനന്തപുരം, 16/05/2012.

================================================================================

പരാമർശം: 1) സർക്കാർ ഉത്തരവ് (പി)നം. 95/2008/തൊഴിൽ. തീയതി 04/07/2008
2) സർക്കാർ ഉത്തരവ് (കൈ)നം. 25/2009/ഐ.റ്റി.ഡി. തീയതി 06/10/2009.
3) 28/03/2012-ലെ കോഴിക്കോട് മേയറുടെ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തൊട്ടാകെ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയുടെ സംസ്ഥാന പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ നടപ്പുസാമ്പത്തിക വർഷത്തേയ്ക്കുള്ള അംഗത്വ രജിസ്ട്രേഷൻ, സ്മാർട്ട് കാർഡ് പുതുക്കൽ നടപടികൾ എന്നിവ 14 ജില്ലകളിലും അന്തിമ ഘട്ടത്തിലാണ്. സംസ്ഥാനത്തൊട്ടാകെ ഒരു ഏകീകൃത മാനദണ്ഡമെന്ന നിലയിലും അക്ഷയ കേന്ദ്രങ്ങൾ ഗ്രാമപ്രദേശങ്ങളിൽപ്പോലും നിലവിലുള്ളതിനാലും രജിസ്ട്രേഷൻ നടപടികൾ അക്ഷയ കേന്ദ്രങ്ങൾ വഴി പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്.

കോഴിക്കോട് എറണാകുളം, തൃശൂർ, ഇടുക്കി ജില്ലകളിൽ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി എന്നിവയുടെ സ്മാർട്ട് കാർഡ് പുതുക്കലും അംഗത്വ രജിസ്ട്രേഷനും അക്ഷയ കേന്ദ്രങ്ങൾ വഴി അല്ലാതെ സ്വകാര്യ ഏജൻസി വഴിയാണ് നടത്തപ്പെട്ടതെന്നും മേൽപ്പറഞ്ഞ ജില്ലകളിൽ ഇപ്രകാരം അക്ഷയ കേന്ദ്രങ്ങൾ വഴി അല്ലാതെ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളതിനാൽ പല പ്രായോഗിക ബുദ്ധിമുട്ടുകളും നേരിടുന്നതായി കോഴിക്കോട് മേയർ സൂചന 3-ലെ കത്ത് പ്രകാരം പരാതിപ്പെട്ടിരിക്കുന്നു. ഇപ്രകാരം സ്വകാര്യ ഏജൻസി വഴി രജിസ്ട്രേഷൻ നടപടി നടത്തപ്പെടുന്നതിനാൽ ക്യാമ്പ് ചെയ്ത സ്ഥലങ്ങളിൽ ക്ലിപ്ത സമയത്തിനുള്ളിൽ എത്തിപ്പെടുന്നതിനും മറ്റും പ്രായോഗികമായി വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ടതിനാൽ രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായി വിജയകരമായിരുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്.

(.....................2)

രണ്ടാമത് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മീഷന്റെ 11-ാമത് റിപ്പോർട്ടിന്റെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ സൂചന രണ്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിവര സാങ്കേതിക നയത്തിന്റെ ഭാഗമായി സർക്കാരിൽ നിന്നും ജനങ്ങളിലേക്കുള്ള സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി ആയിരിക്കണം ജനങ്ങളിലേയ്ക്ക് എത്തിക്കേണ്ടതെന്നും വകുപ്പുകൾക്ക് പ്രത്യേകം പ്രത്യേകം സേവനകേന്ദ്രങ്ങൾ സ്ഥാപിക്കാൻ പാടില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. അതോടൊപ്പം ഓരോ വകുപ്പുകളും സർക്കാരിൽ നിന്നും ജനങ്ങളിലേക്ക് അക്ഷയാ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കേണ്ട സേവനങ്ങൾ ഏതൊക്കെയാണെന്ന് തിരിച്ചറിയേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് ഏകദേശം രണ്ടായിരത്തോളം അക്ഷയ കേന്ദ്രങ്ങൾ ഉണ്ടെന്നിരിക്കെ ടി കേന്ദ്രങ്ങൾക്ക് ഗ്രാമപ്രദേശങ്ങളിൽപ്പോലുമുള്ള വ്യാപ്തി കണക്കാക്കിയും വിവരസാങ്കേതിക നയത്തിനനുസൃതമായും ഒരു ഏകീകൃത മാനദണ്ഡമെന്ന നിലയിലും ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമെന്ന നിലയിലും രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയുടെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെയും അംഗത്വ രജിസ്ട്രേഷൻ സ്മാർട്ട് കാർഡ് പുതുക്കലും സംസ്ഥാനത്തൊട്ടാകെ അക്ഷയ കേന്ദ്രങ്ങൾ വഴി മാത്രമേ നടത്തപ്പെടാവൂ എന്ന് നിഷ്കർഷിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**കെ. മിനി**
**ജോയിന്റ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
എല്ലാ കോർപ്പറേഷൻ/ജില്ലാ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ
ഡയറക്ടർ,
അക്ഷയ, കൊച്ചുമടത്തിൽ ബിൽഡിംഗ്, റ്റി. 25/2251,
മാഞ്ഞാലിക്കുളം റോഡ്, തിരുവനന്തപുരം.
ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ്.
ജനറൽ മാനേജർ,
യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്,
ഹെഡ് ഓഫീസ്, 24- വൈറ്റ് റോഡ്, ചെന്നൈ- 600 014.
എക്സിക്യൂട്ടീവ് ഡയറക്ടർ, ചിയാക്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ